## പതിനാലാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2019-2021)

### എഴുപത്തി.....ആറാമത് റിപ്പോർട്ട്

(2021 ജനുവരി മാസം ..21..-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2006-2008) യുടെ നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

Rs.

## പതിനാലാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2019-21)

എഴുപത്തി ഒൻപതാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത് )

[സമിതി (2006-2008) യുടെ നാലാമത്
റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്]

Rs.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | I |
| അനുബന്ധം | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ഇടർ ശിപാർശകളും | : | 37 |


Rs.

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-21)

## ഘടന

**അദ്ധ്യക്ഷൻ**

ശ്രീ. കെ. സുരേഷ് കുറുപ്പ്

**അംഗങ്ങൾ**

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ശ്രീ. ടി.എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ.എസ്. ബിജിമോൾ

ശ്രീ. വി.കെ.സി. മമ്മത് കോയ

ഡോ. എം.കെ. മുനീർ

ശ്രീ. പി.ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

**ശ്രീ. കെ.വി. വിജയദാസ്

***ശ്രീ. എൻ. വിജയൻപിള്ള

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ്. കെ.ജി, ജോയിന്റ് സെക്രട്ടറി

ശ്രീമതി. എ.വി.ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ. ജി, അണ്ടർ സെക്രട്ടറി

---

* 2019 ഡിസംബർ മാസം 20-ാം തീയതി നിര്യാതനായി.
** 2021 ജനുവരി മാസം 18-ാം തീയതി നിര്യാതനായി.
*** 2020 മാർച്ച് മാസം 08-ാം തീയതി നിര്യാതനായി.

Rs.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021) യുടെ 77-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ നാലാമത് റിപ്പോർട്ടിലെ (ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
20.21..ജനുവരി..21

Rs.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08)യുടെ നാലാമത് റിപ്പോർട്ടിലെ (ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08)യുടെ നാലാമത് റിപ്പോർട്ട് 2007 മാർച്ച് മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 38 ശിപാർശകളാണുള്ളത്. ഇവയിൽ ശിപാർശ ഖണ്ഡിക 42, 111 എന്നിവയിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

1.3 റിപ്പോർട്ടിലെ ശിപാർശ ഖണ്ഡികകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ 07.05.2008, 20.05.2015 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും ശിപാർശഖണ്ഡിക 7, 18, 19, 47, 48, 88, 126, 129, 134, 144 എന്നിവയിന്മേൽ ലഭ്യമാക്കിയ മറുപടികൾ തൃപ്തികരമല്ലാതിരുന്നതിനാൽ ഇവ സംബന്ധിച്ച് സമിതി അധികവിവരം ആരാഞ്ഞിരുന്നു. എന്നാൽ മറുപടി നാളിതുവരെ ലഭിച്ചിട്ടില്ല.

1.4 സമിതി ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ, മറുപടി പരിഗണനാ യോഗങ്ങളിൽ സമിതി ആരാഞ്ഞ അധിക വിവരങ്ങൾ എന്നിവയ്ക്ക് യഥാസമയം മറുപടി നൽകുന്നതിന് വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന കാലതാമസം സമിതിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഇത്തരം നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ കാലവിളംബം കൂടാതെ മറുപടികൾ ലഭ്യമാക്കുന്നതിന് കർശന നടപടി സ്വീകരിക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.

1.5 സമിതി റിപ്പോർട്ടിലെ ശിപാർശകൾ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്, തുടർ ശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.6 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

1.7 സമിതി റിപ്പോർട്ടിലെ ശിപാർശയിന്മേൽ നാളിതുവരെ സർക്കാർ മറുപടി ലഭ്യമാക്കാത്ത ശിപാർശകൾ അദ്ധ്യായം IV-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകളും, ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർശിപാർശകളും.

### ഖണ്ഡിക നമ്പർ 7

### ശിപാർശ

2.1.1 കാന്തല്ലൂർ ഗ്രാമപഞ്ചായത്തിൽ വരൾച്ച ദുരിതാശ്വാസ പദ്ധതികളോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കും പൊതുമരാമത്തു പണികൾക്കും തുക പിൻവലിച്ചത് മതിയായ രേഖകളില്ലാതെയാണെന്നും ഓഡിറ്റ് സമയത്തോ, പ്രാദേശിക പരിശോധനാ വേളയിലോ രേഖകൾ ഹാജരാക്കുന്നതിൽ ഉത്തരവാദപ്പെട്ട പഞ്ചായത്ത് ഉദ്യോഗസ്ഥൻ വീഴ്ചവരുത്തിയെന്നും കമ്മിറ്റിക്ക് ബോധ്യമായിരിക്കുന്നു. ഇത്തരം വീഴ്ചകൾ ഭാവിയിൽ വരാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നതിനോടൊപ്പം സർചാർജ്ജ് നൽകിയതിനെതിരെ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കെതിരെയും, കാന്തല്ലൂർ ഗ്രാമപഞ്ചായത്തിനെതിരെയും ഫയൽ ചെയ്തിരിക്കുന്ന കേസ് തീർപ്പ് കൽപിക്കുന്നതിലേക്കായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കേസിന്റെ അന്തിമ വിധി സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പ്രാദേശിക പരിശോധനാ റിപ്പോർട്ട്**

2.1.2 ഉത്തരവാദിയായ സെക്രട്ടറി ശ്രീ. സി. കെ. കമലാസനൻ സർചാർജ്ജിനെതിരെ ഹൈക്കോടതിയിൽ ഒ. പി. 15238 പ്രകാരം കേസ് ഫയൽ ചെയ്തതിന് 2/2003 ൽ കൗണ്ടർ അഫിഡവിറ്റ് സമർപ്പിച്ചിട്ടുണ്ട്. 5/2004 ൽ ഓർമ്മക്കുറിപ്പും നൽകിയിട്ടുണ്ട്. അന്തിമ വിധി വന്നിട്ടില്ല.

**07.05.2008 തീയതിയിലെ സമിതിയോഗം ആരാഞ്ഞ അധികവിവരം**

2.1.3 കാന്തല്ലൂർ ഗ്രാമപഞ്ചായത്തിൽ വരൾച്ച ദുരിതാശ്വാസ പദ്ധതികളോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കും പൊതുമരാമത്ത് പണികൾക്കും പിൻവലിച്ച തുകയെ സംബന്ധിച്ച രേഖകൾ കൈവശമുണ്ടെങ്കിൽ അതുമായി കമ്മിറ്റി മുമ്പാകെ നേരിട്ട് ഹാജരാകണമെന്ന് പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടുന്നതിന് സമിതി നിർദ്ദേശിച്ചു.

**അധികവിവരത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടി**

2.1.4 ശ്രീ. സി. കെ. കമലാസനനെതിരെ ലോക്കൽ ഫണ്ട് അധികൃതർ എടുത്ത നടപടികൾ തടഞ്ഞുകൊണ്ട് 20.06.07-ലെ കേരള ഹൈക്കോടതിയുടെ ഒ. പി. നമ്പർ 15238/02 പ്രകാരമുള്ള കോടതിവിധി അനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ടിയാനെ നേരിൽ കേൾക്കുകയും 25.01.2008-ലെ എൽ.എഫ്.എ. 6370/സ്പെ.സെൽ (എസ്.സി2)/02-ാം പ്രകാരം ഭരണവകുപ്പ് നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ച് തീർപ്പാക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തുകയും ക്രമവിരുദ്ധമായി ചിലവഴിച്ച തുക ടിയാന്റെ ബാദ്ധ്യതയായി കണക്കാക്കാവുന്നതാണെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നെങ്കിലും തുക ഈടാക്കാൻ നടപടി സ്വീകരിക്കാതിരുന്നതിനാൽ പഞ്ചായത്ത് ഡയറക്ടറുടെ 06.07.2012-ലെ എം.1-17463/2007 നമ്പർ കത്ത് പ്രകാരം പ്രസ്തുത തുക ശ്രീ. സി. കെ. കമലാസനിൽ നിന്നും റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതിന് നിർദ്ദേശം നൽകി. ബാധ്യത തുക 15 ദിവസത്തിനകം ഒടുക്കുന്നതിനും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും ടിയാനെ രജിസ്റ്റേർഡ് തപാലിൽ അറിയിച്ചിട്ടുള്ളതായി കാന്തല്ലൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 18.08.12-ലെ എ1-177/08/12 നമ്പർ കത്ത്

പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. സി. കെ. കമലാസനന് കാന്തല്ലൂർ ഗ്രാമ പഞ്ചായത്തിൽ നിലനിൽക്കുന്ന ബാദ്ധ്യത തുകയായ 57138/- രൂപ റവന്യൂ റിക്കവറി പ്രകാരം ഈടാക്കുന്നതിലേക്കായി 03.12.2012-ൽ നമ്പർ ആർ.ആർ.2012/50277/06 പ്രകാരം ഇടുക്കി ജില്ലാ കളക്ടർ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.1.5 റവന്യൂ റിക്കവറി നടപടികളുടെ തുടർ വിവരങ്ങൾ ഗ്രാമപഞ്ചായത്ത നാളിതുവരെയും ഇടുക്കി ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ അറിയിച്ചിട്ടില്ല.

**തുടർശിപാർശ**

**2.1.6 പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള റവന്യൂറിക്കവറി നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുന്നതിനും, നാളിതുവരെ തുക ഈടാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണവും തുക ഈടാക്കാൻ സ്വീകരിച്ച നടപടിയും ഉൾക്കൊള്ളുന്ന റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

**ഖണ്ഡിക നമ്പർ 18, 19**

**ശിപാർശ**

2.2.1 വനിതാ റെഡിമെയ്ഡ് യൂണിറ്റുകൾക്ക് നിയമവിരുദ്ധമായി തുക നൽകിയതു സംബന്ധിച്ചുള്ള അന്വേഷണത്തിനായി വിജിലൻസ് വകുപ്പ് കൊണ്ടുപോയിട്ടുള്ള ഫയലുകൾ തിരികെ വാങ്ങി ഡിപ്പാർട്ടുമെന്റ് തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

2.2.2 കൂടാതെ ഫയലുകളും മറ്റു രേഖകളും വിജിലൻസ് വകുപ്പിനു കൈമാറുന്നതിനുമുമ്പ് അവയുടെ ഫോട്ടോകോപ്പി എടുത്തു സൂക്ഷിക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഗവൺമെന്റ് തലത്തിൽ നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.2.4 വിജിലൻസ് വകുപ്പ് അന്വേഷണത്തിനായി കൊണ്ടുപോയിട്ടുള്ള ഫയലുകൾ തിരികെ ലഭിച്ചിട്ടുള്ളതും ടി ഫയലിന്മേൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ പരിശോധന നടത്തുകയും ആയതിൻപ്രകാരം പരാമർശ ഓഡിറ്റ് തടസ്സത്തിന്മേലുള്ള 56000/- രൂപ ഉത്തരവാദിയായ സെക്രട്ടറി പി. എൻ. ബാലകൃഷ്ണനിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ ഈടാക്കുവാൻ നിർദ്ദേശം നൽകുകയും ആയതിൻപ്രകാരമുള്ള പ്രൊപ്പോസൽ ഗ്രാമപഞ്ചായത്ത് ഇടുക്കി ജില്ലാ കളക്ടർക്ക് എ1-100/07 തീയതി 24.7.09-ാം നമ്പർ കത്ത് പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത റവന്യൂ റിക്കവറി നടപടിക്കെതിരെ മുൻ സെക്രട്ടറി ശ്രീ. പി. എൻ. ബാലകൃഷ്ണൻ ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുള്ളതും കേസ് നിലവിൽ കോടതിയുടെ തീർപ്പിൽ ഇരിക്കുന്നതുമാണ്. ടി കേസിന്റെ അന്തിമ വാദത്തിനുള്ള തീയതി നിശ്ചയിച്ചിട്ടില്ലാ എന്നും കൊക്കയാർ സെക്രട്ടറി 16.4.13-ലെ ബി4-1248/13-ാം നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

2.2.5 വിജിലൻസ് വകുപ്പിന്റെ 31.7.2009-ലെ 11227/ഇ3/08/വിജി നമ്പർ സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകിയിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.2.6 ശ്രീ. പി. എൻ. ബാലകൃഷ്ണൻ ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി)34401/2009-ാം നമ്പർ കേസ് വാദം കേൾക്കുന്നതിനായി 07.01.2013 ലേക്ക് അവധിക്ക് വച്ചിരുന്നു. പുതിയ തീയതി അറിവായിട്ടില്ല. കേസ് തുടരുന്നു.

## തുടർശിപാർശ

**2.2.7 പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള കേസുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 47, 48

## ശിപാർശ

2.3.1 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അടിയന്തര നടപടി സ്വീകരിച്ച് 15 ദിവസത്തിനുള്ളിൽ സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന നിർദ്ദേശം നടപ്പാക്കുന്നതിൽ

പഞ്ചായത്ത് വകുപ്പ് ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുന്നു. പഞ്ചായത്തിന് നഷ്ടം വരുത്തിയ ഉദ്യോഗസ്ഥനെ സംരക്ഷിക്കുന്ന നടപടിയാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളതെന്ന് സമിതി സംശയിക്കുന്നു.

2.3.2. ആയതിനാൽ സമിതി നിർദ്ദേശം പാലിക്കാതിരുന്ന ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ആർ. വിജയകുമാറിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ പഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.3.3 കട്ടപ്പന ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് പരാമർശത്തിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. പി. ജോൺസണിൽ നിന്നും ടി തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾക്കെതിരെ ടിയാൻ ബഹു. കേരള ഹൈക്കോടതിയിൽ WP(C) 10087/08 എ ആയി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതും പ്രസ്തുത കേസിൽ ബഹു. അഡ്വക്കേറ്റ് ജനറലിന് വസ്തുതാ വിവരണ പട്ടിക സമർപ്പിച്ചിട്ടുള്ളതും കേസിന്റെ തുടർ നടത്തിപ്പിലേക്കായി പഞ്ചായത്തിന്റെ ഹൈക്കോടതിയിലെ സ്റ്റാന്റിംഗ് കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണെന്ന വിവരം കട്ടപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2.3.4 മുൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ആർ വിജയകുമാർ 31.01.2006-ൽ സേവനത്തിൽ നിന്നും വിരമിച്ച എന്ന വിവരവും ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.3.5 ശ്രീ. പി. ജോൺസ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) 10087/08 നമ്പർ കേസിൽ ഇടുക്കി ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിന് കോടതി നോട്ടീസോ തുടർനടപടികളോ ലഭിച്ചിട്ടില്ലാത്തതാണ്.

## തുടർശിപാർശ

**2.3.6 പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 88

## ശിപാർശ

2.4.1 പഞ്ചായത്തിന് നഷ്ടമായ തുക പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. ക്രിസ്റ്റഫർ ആന്റണിയിൽ നിന്നും റിക്കവർ ചെയ്യാനുള്ള അടിയന്തര നിയമ നടപടി സ്വീകരിക്കണമെന്ന് കമ്മിറ്റി ശക്തമായി ശുപാർശ ചെയ്യുന്നു. ഇതു സംബന്ധിച്ചെടുത്ത നടപടിയുടെ വിശദാംശം ഒരു മാസത്തിനകം കമ്മിറ്റിയെ അറിയിക്കണമെന്നും ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.4.2 വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ മെഡിക്കൽ ഓഫീസറായിരുന്ന ഡോ. ക്രിസ്റ്റഫർ ആന്റണി 5 വർഷത്തെ ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ എന്നുള്ള വിവരത്തിന് ആലപ്പുഴ ജില്ലാ മെഡിക്കലാഫീസുമായി കത്തിടപാടുകൾ നടത്തുകയും ഡി.എം.ഒ. ആഫീസിലെ 12.8.09-ലെ എ 1-14754/05-ാം നമ്പർ കത്തു പ്രകാരം ഡോ. ക്രിസ്റ്റഫർ ആന്റണി തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ലെന്നും അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന വിവരം വകുപ്പ് തല നടപടികൾക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുള്ളതാണെന്നും ഇദ്ദേഹം തിരികെ ജോലിയിൽ പ്രവേശിക്കാത്തതിനാൽ ബാദ്ധ്യത തുക ഈടാക്കുവാൻ നിർവ്വാഹമില്ലെന്നും അറിയിച്ചിരുന്നു. എന്നാൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25.11.09-ലെ ഇബി1-67953/8 അ.വ.ഡ നമ്പർ കത്തു പ്രകാരം ടിയാൻ കോട്ടയം ജില്ലയിലെ ഡിസ്ട്രിക്ട് റ്റി.ബി. സെന്ററിൽ 16.01.09 മുതൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പേരിൽ നിലനിൽക്കുന്ന പരാമർശ തുകയായ 79,000/- രൂപയും 18% പലിശയും സഹിതം 30 ദിവസത്തിനകം വാഴത്തോപ്പ് പഞ്ചായത്തിൽ അടയ്ക്കണമെന്ന് കാണിച്ച് 15.12.09-ലെ എ 1-192/05, 09.03.2011-ലെ എ 4-192/2005-നമ്പർ രജിസ്റ്റേർഡ് കത്ത് എന്നിവ പ്രകാരം നിർദ്ദേശം നൽകിയതായും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ലെന്നും വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 07.08.12-ലെ എ 4-192/2005 നമ്പർ കത്തു പ്രകാരം അറിയിച്ചിട്ടുണ്ട്.

കൂടാതെ ഇടുക്കി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 07.08.12-ലെ പി.3-666/2005 നമ്പർ കത്ത് പ്രകാരം ടി തുക ഈടാക്കി നൽകുന്നതിനാവേണ്ട

നടപടി സ്വീകരിക്കണമെന്ന് ഡി.എച്ച്.എസ്.നോടും, കോട്ടയം ഡി.എം.ഒ.യോടും അപേക്ഷിച്ചിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു. കോട്ടയം ഡി.എം.ഒയ്ക്ക് തുടർന്ന് ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

**<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>**

2.4.3 വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ മെഡിക്കൽ ഓഫീസറായിരുന്ന ഡോ. ക്രിസ്റ്റഫർ ആന്റണി തിരികെ ജോലിയിൽ പ്രവേശിച്ചതായോ തുക തിരികെ ഈടാക്കിയതായോ ഗ്രാമപഞ്ചായത്ത് ഇടുക്കി ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടില്ല.

**<u>തുടർശിപാർശ</u>**

**2.4.4 പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ, വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ മെഡിക്കൽ ഓഫീസറിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**<u>ഖണ്ഡിക നമ്പർ 126, 129</u>**

**<u>ശിപാർശ</u>**

2.5.1 വ്യാജരേഖ ചമച്ച് പണാപഹരണം നടത്തിയ സെക്രട്ടറി ശ്രീ. കമലാസനനെതിരെയുള്ള അന്വേഷണം ത്വരിതഗതിയിലാക്കണമെന്നും ടിയാനെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ഒരു മാസത്തിനകം സമിതിയ്ക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ടിയാൻ നടത്തിയ ക്രമക്കേടുകൾമൂലം പഞ്ചായത്തിനു നഷ്ടമായ തുക ഈടാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

2.5.2 നിരവധി ക്രമക്കേടുകൾക്കുത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറി ശ്രീ. കമലാസനൻ തന്നെയാണ് ഈ ക്രമക്കേടും നടത്തിയിട്ടുള്ളതിനാൽ ടിയാനെതിരെ കർശനമായ ശിക്ഷാ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് സമിതിയ്ക്ക് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2.5.3 30.01.2006-ൽ കാസർഗോഡ് ജില്ലയിലെ കാറടുക്ക ഗ്രാമപഞ്ചായത്തിൽ നിന്നും റിരമിച്ച ശ്രീ. സി. കെ. കമലാസനന് വട്ടവട ഗ്രാമപഞ്ചായത്തിൽ ടിയാൻ

ജോലി ചെയ്തിരുന്ന കാലയളവിൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ 9,77,490/- രൂപയുടെ ബാധ്യതാ സർട്ടിഫിക്കറ്റ് കാസർഗോഡ് ഡി.ഡി.പിയ്ക്ക് അയച്ചുകൊടുത്തിട്ടുള്ളതായി 30.05.09-ലെ എ 1-324/9-ാം നമ്പർ കത്തു പ്രകാരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡി.സി.ആർ.ജിയിൽ നിന്നും യാതൊരു തുകയും വസൂലാക്കിയിട്ടില്ലായെന്ന് 07.08.2012-ലെ എ 3-981/2012 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ശ്രീ. സി. കെ. കമലാസനന്റെ പേരിൽ VC18/03/IDK, VC2/99/IDK എന്നീ നമ്പരായി വിജിലൻസ് കേസുകൾ നിലവിലുള്ളതിനാൽ ഈ ഓഫീസിൽ നിന്നും സമാന്തരമായി അച്ചടക്ക നടപടി സ്വീകരിച്ചിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

**<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>**

2.5.4 ശ്രീ. സി. കമലാസനന് എതിരെയുള്ള വി.സി.18/03/ഐ.ഡി.കെ.വി.സി.2/99/ഐ.ഡി.കെ. എന്നീ വിജിലൻസ് കേസുകളുടെ അന്തിമ തീരുമാനം വിജിലൻസ് ഓഫീസിൽ നിന്നും അറിവായിട്ടില്ല എന്ന് അറിയിക്കുന്നു.

**<u>തുടർശിപാർശ</u>**

**2.5.5 പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസിന്റെ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**<u>ഖണ്ഡിക നമ്പർ 134</u>**

**<u>ശിപാർശ</u>**

2.6.1 ശ്രീമതി പി. എൻ. വത്സമ്മയിൽ നിന്നും ബാക്കി തുക കൂടി അടിയന്തരമായി ഈടാക്കി സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2.6.2 തൊഴിൽ നികുതി അപഹരിച്ചതിന്, പഞ്ചായത്ത് ഡയറക്ടറുടെ 17.08.04-ലെ ഡി5-7582/2000(1) നമ്പർ ഉത്തരവു പ്രകാരം ശ്രീമതി പി. എൻ. വത്സമ്മയെ എൽ.ഡി. ക്ലാർക്കായി തരം താഴ്ത്തി സേനാപതി ഗ്രാമപഞ്ചായത്തിൽ നിയമിക്കുകയും, പരാമർശ തുക 18% പലിശ സഹിതം 28,290/- രൂപ ഈടാക്കുവാനും ഉത്തരവായിരുന്നു. ശ്രീമതി പി. എൻ. വത്സമ്മയിൽ നിന്നും 7/2005 മുതൽ 11/2005 വരെയുള്ള മാസങ്ങളിൽ ആകെ 19,615/- രൂപ റിക്കവറി നടത്തിയിട്ടുണ്ട്.

11/05 നുശേഷം ടിയാൾക്ക് ശമ്പളമോ മറ്റ് അലവൻസുകളോ നൽകിയിട്ടില്ല. അനധികൃതമായി ആഫീസിൽ ഹാജരാകാതിരുന്നതിനുള്ള അച്ചടക്ക നടപടിയുടെ ഭാഗമായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 20.11.08-ലെ ബി6-196/06-ാം നമ്പർ ഉത്തരവു പ്രകാരം ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. ശ്രീമതി വത്സമ്മയുടെ നിലവിലെ വിലാസം അറിയാൻ കഴിയാത്തതിനാൽ ബാക്കി തുക ഈടാക്കുന്നതിന് ടിയാൾക്കെതിരെ ആർ.ആർ. നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് 07.08.12-ലെ എ 2-345/05 നമ്പർ കത്തു പ്രകാരം പാമ്പാട്ടുംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.6.3 ജീവനക്കാരിയുടെ 7/05 മുതൽ 11/05 വരെയുള്ള മാസങ്ങളിൽ നിന്നും ഡി.ഡി.പി. ഓഫീസ് റിക്കവറി നടത്തിയ 19,615/- രൂപ ഗ്രാമപഞ്ചായത്തിലെ 3268/40-ാം നമ്പർ രസീത് പ്രകാരം 02.08.06-ൽ അടവാക്കിയിട്ടുണ്ട്. ബാക്കി തുക 8,675/- രൂപ ഈടാക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിച്ചുവെങ്കിലും വിലാസം കൃത്യമല്ലാത്തതിനാൽ നടപടി പൂർത്തിയായില്ല. പ്രസ്തുത വിവരം ഗ്രാമപഞ്ചായത്ത് എ.ഡി.പി. ഓഫീസിനെ 20.03.13-ൽ അറിയിച്ചുവെങ്കിലും തുടർനടപടി ലഭ്യമല്ല.

**തുടർശിപാർശ**

**2.6.4 പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള ബാക്കി തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 144**

**ശിപാർശ**

2.7.1 ക്രമക്കേടിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. രാജപ്പനിൽ നിന്നും തുക ഈടാക്കിയത് സംബന്ധിച്ച് ഇടുക്കി ജില്ല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്ന് യാതൊരു വിവരവും ഇതുവരെ ലഭ്യമായിട്ടില്ല. പഞ്ചായത്തിന് നഷ്ടപ്പെട്ട തുക തിരിച്ചു പിടിക്കുന്നതിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കടുത്ത അനാസ്ഥയാണ് കാട്ടിയിരിക്കുന്നതെന്ന് സമിതി കരുതുന്നു. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ഒരന്വേഷണം നടത്തി എത്രയും പെട്ടെന്ന് തുക തിരിച്ചു പിടിക്കണമെന്നും കമ്മിറ്റിയുടെ

നിർദ്ദേശപ്രകാരം തുക തിരിച്ച് പിടിക്കുന്നതിൽ മനഃപൂർവ്വമായ കാലതാമസം വരുത്തിയിട്ടുണ്ടെങ്കിൽ ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കണമെന്നും കമ്മിറ്റി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.7.2 ഉത്തരവാദിയായ അന്നത്തെ സെക്രട്ടറി ശ്രീ. പി. എസ്. രാജപ്പനിൽ നിന്ന് ആഡിറ്റ് തടസ്സമായ 94,268/- രൂപയ്ക്ക് 18% പലിശ സഹിതം 2,37,107/- രൂപ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടിയുടെ പ്രൊപ്പോസൽ 16.08.07-ലെ എ 1-400/07 നമ്പർ കത്തു പ്രകാരം ഫോറം നമ്പർ 24-ൽ ഇടുക്കി ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ളതായും എന്നാൽ നാളിതുവരെ യാതൊരു തുകയും ലഭ്യമായിട്ടില്ലായെന്നും 27.07.2012-ൽ ഇതു സംബന്ധിച്ച് വീണ്ടും കത്ത് നൽകിയതായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

2.7.3 റവന്യൂ റിക്കവറി നടപടിയിലൂടെ തുക ഈടാക്കിയോ എന്ന വിവരം ഗ്രാമപഞ്ചായത്ത് നാളിതുവരെയും ഇടുക്കി ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിനെ അറിയിച്ചിട്ടില്ല.

**തുടർശിപാർശ**

**2.7.4 പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സെക്രട്ടറി, ശ്രീ. പി. എസ്. രാജപ്പനിൽ നിന്ന് റവന്യൂ റിക്കവറി നടപടിയിലൂടെ തുക ഈടാക്കിയോ എന്ന വിവരം അറിയിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

## അദ്ധ്യായം III

**സർക്കാരിന്റെ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും.**

**ഖണ്ഡിക നമ്പർ 11**

**ശിപാർശ**

3.1 ഓഡിറ്റ് തടസ്സം ഒഴിവാക്കിയെങ്കിൽ ആ വിവരം കമ്മിറ്റിയെ അറിയിക്കുന്നതിൽ

ലോക്കൽ ഫണ്ട് വകുപ്പ് കുറച്ചുകൂടി ശ്രദ്ധിക്കണമെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു. എന്നിരുന്നാലും തടസ്സം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.

## ഖണ്ഡിക നമ്പർ 13

## ശിപാർശ

3.2.1 പഞ്ചായത്തിന് നഷ്ടമായ തുക ശ്രീ. കെ. പ്രകാശിൽ നിന്നും റവന്യൂ റിക്കവറി വഴി ഈടാക്കുന്നതിനോ അതിനു കഴിയുന്നില്ലെങ്കിൽ ശ്രീ. പ്രകാശിനു ശേഷം സെക്രട്ടറിയായിരുന്നവരിൽ നിന്നും തുല്യമായി തുക ഈടാക്കുന്നതിനോ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.2.2. അനധികൃതമായി പണം പിൻവലിച്ചതിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. കെ. പ്രകാശന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ബാദ്ധ്യത തുക ഈടാക്കിയ വകയിൽ പരാമർശ തുകയായ 5000/- രൂപ ഈടാക്കി 14.10.2010-ൽ കൊക്കയാർ ഗ്രാമ പഞ്ചായത്തിന്റെ വി.പി.എഫ്.എ 1 അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ളതായി 19.10.2010-ലെ എ 5-380/09-ാം നമ്പർ കത്തു പ്രകാരം പീരുമേട് സബ് ട്രഷറി ഓഫീസർ കൊക്കയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ടി തുക 26.10.10-ൽ കൊക്കയാർ ഗ്രാമ പഞ്ചായത്തിലെ ക്യാഷ് ബുക്കിൽ വരവ് വച്ചിട്ടുണ്ടെന്നും 01.03.2012-ലെ എ 1-1756/11 നമ്പർ കത്ത് പ്രകാരം കൊക്കയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.2.3 5000/- രൂപ തിരികെ ഈടാക്കിയതിന്റെ വിശദാംശം പരിശോധിച്ച ബോദ്ധ്യപ്പെട്ടു.

## ഖണ്ഡിക നമ്പർ 23

## ശിപാർശ

3.3.1 വിജിലൻസ് അന്വേഷണം പൂർത്തിയാക്കി ഫയലുകൾ തിരികെ നൽകുന്നതിൽ വിജിലൻസ് വകുപ്പ് അനാവശ്യമായ കാലതാമസവും വീഴ്ചയും വരുത്തിയിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ

നിന്നും അന്വേഷണത്തിനായി കൊണ്ടുപോകുന്ന ഫയലുകളിൽ എത്രയും വേഗം അന്വേഷണം പൂർത്തിയാക്കി തിരികെ നൽകുന്നതിന് വിജിലൻസ് വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്നും തിരികെ ലഭിക്കുന്ന പ്രസ്തുത ഫയലുകളിന്മേൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

3.3.2 വിജിലൻസ് വകുപ്പിന്റെ 31.07.09-ലെ 11227/ഇ3/08/വിജി നമ്പർ സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകിയിട്ടുണ്ട്.

**<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>**

3.3.3 പ്രത്യേക പരാമർശമില്ല.

**<u>ഖണ്ഡിക നമ്പർ 25</u>**

**<u>ശിപാർശ</u>**

3.4 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് പരാമർശം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു.

**<u>ഖണ്ഡിക നമ്പർ 27</u>**

**<u>ശിപാർശ</u>**

3.5.1 അധികവിലയായി നൽകിയ തുക തിരിച്ചടച്ച് എങ്കിലും പലിശകൂടി ഈടാക്കേണ്ടതായിരുന്നു എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഭാവിയിൽ ഇത്തരം കേസുകളിൽ പലിശ ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ ശ്രദ്ധിക്കണമെന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

3.5.2 തദ്ദേശസ്വയംഭരണ (എബി) വകുപ്പിന്റെ 24.01.2009-ലെ 79797/ എബി1/08/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ട്.

**<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>**

3.5.3 പ്രത്യേക പരാമർശമില്ല.

## ഖണ്ഡിക നമ്പർ 30

## ശിപാർശ

3.6.1 പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല എന്നത് സമിതി ഗൗരവപൂർവ്വം വീക്ഷിക്കുകയും ഇക്കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ വിശദീകരണം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. ആഡിറ്റ് പരാമർശം നിലനിൽക്കെ ശ്രീ. കുട്ടപ്പന് എൻ.എൽ.സി. നൽകി പെൻഷനാനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് സഹായിച്ച ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവരിൽ നിന്നും തുക ഈടാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കുവാനും തുക തിരിച്ചടച്ചതു സംബന്ധിച്ച വിശദാംശം സമിതിയെ അറിയിക്കുവാനും സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.6.2. ശ്രീ. കുട്ടപ്പൻ അടയ്ക്കുവാനുണ്ടായിരുന്ന 7500/- രൂപ 01.03.2000-ലെ 24/61504 രസീത് പ്രകാരവും 7500/- രൂപ 05.07.2007-ലെ 56/80852 നമ്പർ രസീത് പ്രകാരവും ഒടുക്കുവരുത്തിയിട്ടുണ്ട്.

സമിതിയുടെ യോഗം ചേരുമ്പോൾ ശ്രീ. കുട്ടപ്പൻ തുക പൂർണ്ണമായി ഒടുക്കിയിരുന്നില്ല. ടിയാന് ബാദ്ധ്യതാ രഹിത സാക്ഷ്യപത്രം നൽകിയിട്ടുമില്ലായിരുന്നു. 25.10.2011 ലാണ് ടിയാന് ലയബിലിറ്റി സർട്ടിഫിക്കറ്റ് അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. പി. ജെ. മെനാസിസ് നൽകിയിട്ടുള്ളത്. ടി ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയപ്പോൾ ശ്രീ. കുട്ടപ്പൻ തുക പൂർണ്ണമായും അടച്ചിരുന്നതിനാൽ ടി ഖണ്ഡിക പ്രകാരമുള്ള തുക ലയബിലിറ്റി സർട്ടിഫിക്കറ്റിൽഉൾപ്പെടുത്തിയിട്ടില്ല. ടിയാന്റെ ഡി.സി.ആർ.ജി. നാളിതുവരെ നൽകിയിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.6.3 ശ്രീ. കുട്ടപ്പൻ 1.03.2000-ലെ 61504/24-ാം നമ്പർ രസീത് പ്രകാരം 7500/- രൂപയും 05.07.2007-ലെ 56/80852 നമ്പർ രസീത് പ്രകാരം 7500/- രൂപയും തിരിച്ചടച്ചത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## ഖണ്ഡിക നമ്പർ 32

## ശിപാർശ

3.7.1 ആഡിറ്റിന് മുമ്പ് തന്നെ ക്രമക്കേട് കണ്ടുപിടിച്ച് നടപടി സ്വീകരിച്ച സെക്രട്ടറിയുടെ നടപടി ശ്ലാഘനീയമാണ്. തുക പലിശ സഹിതം തിരിച്ചടച്ചതായും, പണാപഹരണം നടത്തിയ ക്ലാർക്കിനെ സസ്പെന്റ് ചെയ്തതായും തുടർന്ന് ശിക്ഷണനടപടികൾ അവസാനിപ്പിക്കുന്നതിനുമുമ്പ് ടിയാൻ മരണപ്പെട്ടുവെന്നും അറിയിച്ച സാഹചര്യത്തിൽ ഇത് സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പ്രാദേശിക പരിശോധനാ റിപ്പോർട്ട്

3.7.2 പരാമർശത്തിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ. ജെ. യേശുദാസ് മരണപ്പെട്ടു. 30427/- രൂപ പലിശ സഹിതം തിരിച്ചടച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് നിർദ്ദേശാനുസരണം തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 37

## ശിപാർശ

3.8.1 ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് പൂർണ്ണമല്ലെന്നും സമിതി നിർദ്ദേശം നടപ്പാക്കുന്നതിൽ ഡെപ്യൂട്ടി ഡയറക്ടർ വേണ്ടത്ര ശുഷ്കാന്തി കാട്ടിയില്ലെന്നും സമിതി കരുതുന്നു. ഇക്കാര്യത്തിൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥ ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ഇടമലക്കുടിയിൽ നടത്തിയ പണികളുടെ ഭൗതിക പരിശോധന പഞ്ചായത്ത് ഡയറക്ടർ തലത്തിൽ നടത്തി 15 ദിവസത്തിനകം അതിന്റെ റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.8.2 26.05.2007-ൽ പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (വികസനം) ടെ നേതൃത്വത്തിലും 13.06.2007-ൽ ഡെപ്യൂട്ടി ചീഫ് രജിസ്ട്രാറുടെ നേതൃത്വത്തിലും ഒരു പ്രത്യേക ടീമിനെ അന്വേഷണത്തിനായി നിയോഗിച്ചിരുന്നുവെങ്കിലും പ്രതികൂല കാലാവസ്ഥയും പ്രതികൂല സാഹചര്യങ്ങളും കാരണം പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും അന്വേഷണം നടത്താൻ സാധിക്കാതിരുന്നതിനാൽ 26.11.07-ലെ എച്ച്1-17463/07 നമ്പർ കത്ത് പ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ

അടിസ്ഥാനത്തിൽ 24.03.2008-ലെ ബി1-12284/07 നമ്പർ കത്ത് പ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

മൂന്നാറിൽ നിന്നും ഉദ്ദേശം 16 കി.മീ. വാഹനത്തിലും തുടർന്ന് 20 കി.മീ. കാൽനടയായും ഇടമലക്കുടിയിലെത്തി 1995-2000 കാലഘട്ടത്തിലെയും ഇപ്പോഴത്തെയും വാർഡ് മെമ്പർമാരുടെ സാന്നിധ്യത്തിൽ മരാമത്ത് പണികൾ നടത്തിയ സ്ഥലങ്ങൾ സന്ദർശിച്ചു.

## 1. ഇടമലക്കുടി കമ്മ്യൂണിറ്റി ഹാൾ

ഉദ്ദേശം 16 അടി നീളവും 13 അടി വീതിയും 7 അടി പൊക്കവുമുള്ള കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചിട്ടുണ്ട്. ടിൻ ഷീറ്റ് കൊണ്ട് രണ്ട് വശവും ചരിച്ച് ഷീറ്റ് മേഞ്ഞതിൽ ഒരു വശത്തെ ഷീറ്റ് പൂർണ്ണമായും നശിച്ചുപോയിട്ടുള്ളതായി കാണുന്നു. ഇപ്പോൾ ടി സ്ഥാപനം കാട് കയറി ഉപയോഗശൂന്യമായി കിടക്കുന്നു.

## 2. ഇടമലക്കുടി നഴ്സറി സ്കൂൾ

കെട്ടിടം തകർന്ന നിലയിൽ കാണുന്നു. ഒരു കിച്ചണും, ഹാളും, ഉദ്ദേശം 32 അടി നീളവും 20 അടി വീതിയുമുണ്ട്. കെട്ടിടത്തിന്റെ വാതിൽ നിർമ്മിച്ചിരിക്കുന്നത് ടിൻ ഷീറ്റ് കൊണ്ടാണ്. മേച്ചിൽ ആസ്ബറ്റോസ് ഷീറ്റ്. ഇപ്പോൾ ഷീറ്റ് എല്ലാം കാറ്റിൽ പറന്ന് പോയി നഷ്ടപ്പെട്ട അവശിഷ്ടങ്ങൾ കാണാം. മുളകൊണ്ട് കഴുക്കോൽ ഇട്ട് ഷീറ്റ് മേഞ്ഞിരുന്നതായി മനസ്സിലാക്കാം.

## 3. ഇടമലക്കുടി-മുളകുതറ കുടിയിൽ വാട്ടർ ടാങ്ക്

ഉദ്ദേശം 12 അടി നീളത്തിലും 10 അടി വീതിയിലും കരിങ്കല്ലുകൊണ്ട് ടാങ്ക് നിർമ്മിച്ചിട്ടുണ്ട്. ടാങ്കിലേയ്ക്ക് വെള്ളം എത്തിക്കുന്നതിന് സംവിധാനം ഒന്നും ഉള്ളതായി കണ്ടില്ല. ടി വേല ഭംഗിയായി പൂർത്തീകരിച്ചിട്ടുണ്ട്.

## 4. ഇടമലക്കുടിയിൽ ജല സംവിധാനം

## 5. ഇടമലക്കുടിയിൽ ജലവിതരണ സംവിധാനം

ടി വേലകൾ ചെയ്തിട്ടുള്ളതായി അറിയില്ല. ജല സംവിധാനം ഒന്നും നടത്തിയിട്ടുള്ളതായി അറിയില്ല എന്ന് അന്നത്തെ മെമ്പർ ശ്രീ. റ്റി. അർജ്ജുനൻ മൊഴി നൽകിയിട്ടുണ്ട്.

## 6. ഇടമലക്കുടി മുളകുതറ കുടിയിൽ ചെക്ക് ഡാം

ഉദ്ദേശം 3 മീറ്റർ നീളത്തിൽ 2 മീറ്റർ ഉയരമുള്ള ചെക്ക് നിർമ്മിച്ചിട്ടുണ്ട്. ടി നിർമ്മിതിയുടെ ഫോട്ടോ എടുത്തു എങ്കിലും കാട് കയറി കിടക്കുന്നതിനാൽ ചിത്രം തെളിഞ്ഞ് കിട്ടിയില്ല.

ഇടമലക്കുടിയിൽ ജല സംവിധാനം, ഇടമലക്കുടിയിൽ ജലവിതരണ സംവിധാനം എന്നീ രണ്ട് പദ്ധതികൾ ഒഴികെ മറ്റ് നാല് വേലകളും ചെയ്തിട്ടുണ്ട് എന്നും ഉദ്ദേശം 13 വർഷം മുമ്പുള്ള പ്രവൃത്തികൾ ആയതിനാൽ ടി വേലകളുടെ മൂല്യം നിർണ്ണയിക്കുന്നത് പ്രായോഗികമല്ല എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.8.3 പ്രത്യേക പരാമർശമില്ല.

### ഖണ്ഡിക നമ്പർ 40

### ശിപാർശ

3.9.1 ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സ്ഥലം പരിശോധന നടത്തി സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന സമിതി നിർദ്ദേശം നാളിതുവരെ നടപ്പാക്കിയിട്ടില്ല എന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള അനാസ്ഥയായി സമിതി കരുതുന്നു. ആയതിനാൽ ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യമായ എഗ്രിമെന്റ് വയ്ക്കാതെ അഡ്വാൻസ് നൽകിയതുമൂലം പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം നികത്തുന്നതിന്, ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ നടപടി സ്വീകരിച്ച് വിവരം സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.9.2 തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 19.07.2005-ലെ 26073/ പി.എ 4/05 നമ്പർ കത്ത് പ്രകാരം മൂന്നാർ, വണ്ടിപ്പെരിയാർ എന്നീ പഞ്ചായത്തുകളെ സംബന്ധിച്ചുള്ള പരാമർശം ഹെഡ്ക്വാർട്ടേഴ്സ് ഓഡിറ്റ് ടീം നേരിട്ട് പരിശോധന നടത്തുന്നതാണെന്ന് അറിയിച്ചതിനാലാണ് അന്നത്തെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മൂന്നാർ പഞ്ചായത്തിന്റെ പരാമർശം പരിശോധിക്കാതിരുന്നതും റിപ്പോർട്ട് സമർപ്പിക്കാതിരുന്നതും എന്ന വിവരം ബോധിപ്പിക്കുന്നു. എന്നാൽ സമിതിയുടെ

നിർദ്ദേശമനുസരിച്ച് വ്യക്തമായ എഗ്രിമെന്റ് വെക്കാതെ പൊതുമരാമത്ത് പണികൾക്ക് മുൻകൂർ നൽകിയത് നിമിത്തം പഞ്ചായത്തിനുണ്ടായ നഷ്ടം നികത്തുന്നതിന് ഉത്തരവാദിയായ മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. വൈ. സേതുനാഥിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ തുക ഈടാക്കുന്നതിനായി രജിസ്റ്റേർഡ് തപാലിൽ 6.08.2012 ൽ കത്ത് നൽകിയിട്ടുണ്ട്.

15.06.2005-ൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ആദ്യ സിറ്റിംഗിൽ ഹാജരായിരുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ആർ. വിജയകുമാർ 31.01.2006-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണ് എന്ന വിവരവും ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.9.3 പ്രത്യേക പരാമർശമില്ല.

**ഖണ്ഡിക നമ്പർ 44**

**ശിപാർശ**

3.10.1 പഞ്ചായത്ത് ഡയറക്ടറുടെ 06.03.2006-ലെ എച്ച്4/22788/05 നമ്പർ കത്തിൽ, മൂന്നാർ ഗ്രാമപഞ്ചായത്ത്കമ്മിറ്റിയുടെ 28.12.2004-ലെ 8(1)-ാം നമ്പർ തീരുമാനപ്രകാരം ഓഡിറ്റ് നടപടി തീർപ്പാക്കുന്നതിന് ഗവൺമെന്റിന്റെ അനുമതി തേടിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഗവൺമെന്റിൽ നിന്ന് അപ്രൂവൽ വാങ്ങുന്നതിൽ അന്നത്തെ സെക്രട്ടറിയും പിന്നീട് വന്ന സെക്രട്ടറിമാരും തികഞ്ഞ അലംഭാവം കാട്ടിയതായി സമിതി കരുതുന്നു. ഗവൺമെന്റിൽ നിന്ന് സാധൂകരണം വാങ്ങുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.10.2 ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 46 പ്രകാരമുള്ള ഓഡിറ്റ് തടസ്സം, സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുന്നതിന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചതിന്റെ (4th Report para 44) അടിസ്ഥാനത്തിൽ 11.06.2009-ലെ കത്തു പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശിപാർശ സമർപ്പിച്ചിരുന്നു.

40 വാർട്ട്സ് സ്ട്രീറ്റ് ലൈറ്റ് ഫിറ്റിംഗുകൾ വാങ്ങുന്നതിന് ലഭിച്ച 4,43,445/- രൂപയുടെ കുറഞ്ഞ ക്വട്ടേഷൻ നിരാകരിച്ചുകൊണ്ട് കൂടിയ നിരക്ക് ക്വാട്ട് ചെയ്ത M/s

ബജാജ് ഇലക്ട്രിക്കൽസിന്റെ ക്വട്ടേഷൻ സ്വീകരിച്ച് വൗച്ചർ നമ്പർ 74/698 പ്രകാരം 4,97,141/- രൂപയുടെ ഫിറ്റിംഗ്സ് വാങ്ങിയ ഇനത്തിൽ 53,696/- രൂപയുടെ നഷ്ടം ഉണ്ടാക്കി എന്നതാണ് ആഡിറ്റ് പരാമർശം.

ലഭിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s.ട്രൈടെക്സോ ഇൻഡസ്ട്രീസ് പെരുമ്പാവൂർ, M/s ബജാജ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് എറണാകുളം എന്നിവരുടെ ക്വട്ടേഷനുകൾ കമ്മിറ്റി വിശദമായി പരിശോധിക്കുകയുണ്ടായി. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത് ട്രൈടെക്സോ ഇൻഡസ്ട്രീസ് നിയമാനുസരണം EMD അടച്ചിരുന്നില്ല. ക്വട്ടേഷനിൽ EMD ബാധകമല്ലെന്ന് എഴുതിയിട്ടുണ്ടെങ്കിലും SSI രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ EMD ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. മാത്രമല്ല ISI സാധനങ്ങൾ സപ്ലൈ ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും Trade Mark രേഖപ്പെടുത്തിയിട്ടില്ല. തുടർന്നുള്ള അന്വേഷണത്തിൽ ടി സ്ഥാപനത്തിന് ഫ്ലൂറസെന്റ് ട്യൂബും, മറ്റ് ഫിറ്റിംഗുകളും ഉൽപ്പാദനമില്ലെന്നും, മറ്റ് വിവിധ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് വിതരണം ചെയ്യുന്നതാണെന്നും കമ്മിറ്റിക്ക് ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് ട്രൈടെക്സോ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ സ്ട്രീറ്റ് ലൈറ്റ് ഫിറ്റിംഗ്സിന് ഗുണമേന്മ കുറവായിരിക്കുമെന്ന് പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തിയതെന്നും, അതായത് M/s.ബജാജ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് ഗുണമേന്മ കൂടുതലുണ്ടെന്ന് കമ്മിറ്റിയ്ക്ക് ഉത്തമവിശ്വാസം ഉള്ളതിനാലാണ് M/s.ബജാജ് ഇലക്ട്രിക്കൽസിന്റെ ക്വട്ടേഷൻ ട്രൈടെക്സോ ഇൻഡസ്ട്രീസിന്റെ ക്വട്ടേഷനേക്കാൾ കൂടുതലാണെങ്കിൽപ്പോലും അംഗീകരിക്കുവാൻ തീരുമാനിച്ചതെന്നും 29.06.2008-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ നിന്നും വ്യക്തമാണ്.

കൂടാതെ സ്റ്റോഴ്സ് പർച്ചേയ്സ് മാന്വൽ ചട്ടങ്ങൾ 36 (ii) പ്രകാരം വില, ഗുണമേന്മ, ഡെലിവറി നിബന്ധനകൾ, പണം നൽകൽ നിബന്ധനകൾ മുതലായവ സംബന്ധിച്ചാണ് വിഭിന്നമായ ടെണ്ടറുകൾ താരതമ്യം ചെയ്യേണ്ടത്. മറ്റുപാധികൾ തുല്യമായിരിക്കുമ്പോൾ, ഏറ്റവും കുറഞ്ഞ ടെണ്ടർ സ്വീകരിക്കേണ്ടതും, ഏറ്റവും കുറഞ്ഞ ടെണ്ടർ സ്വീകരിക്കാത്ത സംഗതികളിൽ അതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ട്രൈടെക്സോ ഇൻഡസ്ട്രീസ് പെരുമ്പാവൂരിന്റെ ക്വട്ടേഷൻ നിരസിക്കാനുള്ള കാരണം 29.06.1998-ലെ മിനിട്സിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സ്റ്റോർസ് പർച്ചേസ് മാന്വലിൽ പറഞ്ഞിരിക്കും

പ്രകാരമുള്ള ടെണ്ടർ നിയമങ്ങൾ പാലിച്ച ശേഷമാണ് മേൽ വാങ്ങലുകൾ നടത്തിയിരിക്കുന്നതെന്നും കാണാം.

ഈ സാഹചര്യത്തിൽ മൂന്നാർ ഗ്രാമപഞ്ചായത്തിനുവേണ്ടി സ്ട്രീറ്റ് ലൈറ്റ് ഫിറ്റിംഗ്സുകൾ വാങ്ങുന്നതിനായി കുറഞ്ഞ ക്വട്ടേഷൻ നിരാകരിച്ചുകൊണ്ട് കൂടിയ നിരക്ക് ക്വാട്ട് ചെയ്ത M/s.ബജാജ് ഇലക്ട്രിക്കൽസിന്റെ ക്വട്ടേഷൻ സ്വീകരിച്ചുകൊണ്ട് വൗച്ചർ നമ്പർ 74/698 പ്രകാരം 4,97,141 രൂപയുടെ ഫിറ്റിംഗ്സ് വാങ്ങുക വഴി പഞ്ചായത്തിന് 53,696/- രൂപയുടെ നഷ്ടം ഉണ്ടാക്കിയെന്ന ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ കണ്ടെത്തൽ നിലനിൽക്കുന്നതല്ല എന്നും ആയതിനാൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാനും സർക്കാർ 23.04.2011-ലെ കത്തു പ്രകാരം ഓഡിറ്റിനോടാവശ്യപ്പെട്ടു. എന്നാൽ 30.10.2013 ലെ കത്തു പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ ഇരിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കാൻ ഓഡിറ്റ് വകുപ്പിന് അധികാരമില്ല എന്നാണ് ഓഡിറ്റ് സർക്കാരിനെ അറിയിച്ചത്. ഗവൺമെന്റിൽ നിന്നും സാധൂകരണം വാങ്ങുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താനുള്ള സമിതി നിർദ്ദേശത്തിന്മേലാണ് സർക്കാർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതെന്ന് അറിയിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.10.3 സർക്കാർ സാധൂകരണം വാങ്ങി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 11.06.2009-ലെ എ.406/2005-ാം നമ്പർ കത്തിന്റെയും 18.12.2004-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തദ്ദേശസ്വയംഭരണ (എബി) വകുപ്പ് സെക്രട്ടറിയുടെ 23.04.2011-ലെ 11681/എബി3/2010 നമ്പർ ഉത്തരവ് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തൽ നിലനിൽക്കുന്നതല്ല എന്നും ഖണ്ഡികയിലെ തടസ്സം ഒഴിവാക്കുന്നതിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

ഖണ്ഡികയിലെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സർക്കാർ നിർദ്ദേശം നൽകിയ സാഹചര്യത്തിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.

## ഖണ്ഡിക നമ്പർ 51

### ശിപാർശ

3.11.1 ബന്ധപ്പെട്ട സെക്രട്ടറി ടി തുക തിരിച്ചടച്ചോ എന്ന വിവരം നാളിതുവരെ സമിതിയ്ക്ക് ലഭ്യമാക്കിയിട്ടില്ലായെന്നത് പഞ്ചായത്ത് വകുപ്പിന്റെ കടുത്ത അനാസ്ഥയായി സമിതി കരുതുന്നു. തുക തിരിച്ചടച്ചതു സംബന്ധിച്ച വിശദാംശം അടിയന്തരമായി സമിതിയെ അറിയിക്കുവാനും അല്ലാത്തപക്ഷം ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.11.2 ആഡിറ്റ് പരാമർശ പ്രകാരം പഞ്ചായത്തിന് നഷ്ടം ഉണ്ടായ 11,600/- രൂപ ശ്രീ.എം. രാധാകൃഷ്ണൻ 22.12.2007-ൽ 022906-ാം നമ്പർ ചെക്ക് പ്രകാരം പഞ്ചായത്തിൽ ഒടുക്കുകയും ആയത് 31.12.2007 ൽ 63/82096-ാം നമ്പർ രസീതുപ്രകാരം പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടുള്ളതുമാണ് എന്ന വിവരം ബോധിപ്പിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.11.3 22.12.2007 ലെ 022906 നമ്പർ ചെക്ക് (11600 രൂപ) 31.12.2007 ലെ 82096/63-ാം നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ വരവ് വച്ചിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 55

### ശിപാർശ

3.12.1 ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ട കാര്യങ്ങൾ അവരെ ബോധ്യപ്പെടുത്തുകയും ഗവൺമെന്റിൽ നിന്ന് സാധൂകരണം വാങ്ങുകയും ചെയ്തതിനുശേഷം സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെ ഇതു സംബന്ധിച്ച യാതൊരു റിപ്പോർട്ടും സമിതിയ്ക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ സമിതി നിർദ്ദേശം പാലിക്കാതിരുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.12.2 കോടിക്കുളം ഗ്രാമപഞ്ചായത്തിലെ ഏഴല്ലൂർ ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതിയുടെ ചെലവ് നടത്തി 15 വർഷം കഴിഞ്ഞതിനാലും പദ്ധതിക്കുവേണ്ടി പൈപ്പും അനുബന്ധ സാമഗ്രികളും റെയ്ഡ്കോ വിതരണം നടത്തി സ്ഥാപിക്കുകയും ചെയ്തതായി പഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിനാലും

നിർവ്വഹണ ഉദ്യോഗസ്ഥ ആ കാലയളവിൽ തന്നെ മരണമടഞ്ഞതിനാലും ഓഡിറ്റ് നിരാകരിച്ച തുകയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് LSGD ചീഫ് എഞ്ചിനീയറും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശ പ്രകാരം നിരാകരിച്ച തുകയ്ക്ക് 19.04.2013 ലെ ജി.ഒ. (ആർ.റ്റി) നമ്പർ 1046/13/തസ്വഭവ പ്രകാരം സർക്കാർ സാധൂകരണം നൽകിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

**<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>**

3.12.3 19.04.2013 ലെ ജി.ഒ.(ആർ.റ്റി) നമ്പർ 1046/13/തസ്വഭവ പ്രകാരം സാധൂകരണം ലഭ്യമാക്കിയിട്ടുള്ളതിനാൽ നിയമസഭാ സമിതി നിർദ്ദേശത്തിന് വിധേയമായി പരാമർശം ഒഴിവാക്കുന്നതാണ്.

**<u>ഖണ്ഡിക നമ്പർ 59</u>**

**<u>ശിപാർശ</u>**

3.13.1 സർക്കാരിന്റെ സാധൂകരണം വാങ്ങണമെന്ന സമിതി നിർദ്ദേശം നടപ്പാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് വളരെയധികം കാലതാമസമുണ്ടായതായി സമിതി ചൂണ്ടിക്കാണിക്കുന്നു. സർക്കാരിൽ നിന്നും അടിയന്തിരമായി സാധൂകരണം വാങ്ങി സമിതിയെ വിവരം അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

3.13.2 പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് 29.01.2011 ലെ ജി.ഒ.(ആർ.റ്റി) നമ്പർ 288/2011/തസ്വഭവ പ്രകാരം സർക്കാർ സാധൂകരണം നൽകിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

**<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>**

3.13.3 29.01.2012-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 288/2011/തസ്വഭവ പ്രകാരം സാധൂകരണം ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുന്നു.

**<u>ഖണ്ഡിക നമ്പർ 62</u>**

**<u>ശിപാർശ</u>**

3.14.1 തെളിവെടുപ്പ് യോഗത്തിൽ സമിതിയ്ക്ക് നൽകിയ ഉറപ്പ് പാലിക്കുന്നതിനോ ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനോ പഞ്ചായത്ത് അധികൃതരുടെ

ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നത് വളരെ ഗൗരവമുള്ള സംഗതിയായി സമിതി കരുതുന്നു. സമിതി നിർദ്ദേശം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ പഞ്ചായത്ത് സെക്രട്ടറിക്കെതിരെ അടിയന്തര നടപടി സ്വീകരിക്കണമെന്നും ആയത് സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.14.2 അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി. ജെ. തോമസിന് 14.06.2008-ലെ ഡി8-18994/07 നമ്പർ കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. ടിയാൻ 31.03.2011 ൽ സേവനത്തിൽ നിന്നും റിരമിച്ചതിനാലും 1997-98 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 39, 40 പ്രകാരമുള്ള പരാമർശം ഒഴിവാക്കുന്നതിന് ടിയാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടതിനാലും പഞ്ചായത്ത് ഡയറക്ടറുടെ 24.02.2012 ലെ ഡി8-18994/07 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത അച്ചടക്ക നടപടി ഉപേക്ഷിച്ച് ഉത്തരവായിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.14.3 'അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്തിന്റെ പുതിയ വ്യവസായ യൂണിറ്റിനുള്ള ധനസഹായം നിലവിലുള്ളതിനും നൽകി' എന്ന ഖണ്ഡികയിൽ നിലവിലുള്ള സ്ഥാപനത്തിന് ധനസഹായം കൊടുത്തു എന്നതും സ്ഥാപനം സമർപ്പിച്ച ഇൻവോയ്സിൽ "ക്യാഷ് ബിൽ" എന്ന് രേഖപ്പെടുത്തിയത് ബില്ലില്ലാതിരുന്നതിനാലും 10,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട സെക്രട്ടറി നൽകിയ മറുപടി ഗ്രാമപഞ്ചായത്തധികാരികൾ പരിശോധിക്കുകയും 30.06.2005 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 18-ാം നമ്പർ തീരുമാനപ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സർക്കാർ സാധൂകരണത്തിന് 03.07.2012 ലെ എ 1/451/2012-ാം നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുള്ളതും മറുപടി നാളിതുവരെ ലഭിച്ചിട്ടില്ലാത്തതുമാണ്.

ദീർഘനാളായി പ്രവർത്തനം മുടങ്ങിക്കിടന്ന സ്ഥാപനത്തെ പുനരുദ്ധരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ധനസഹായം നൽകിയത് എന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം അംഗീകരിക്കാവുന്നതാണ്. എങ്കിലും സ്ഥാപനം കെട്ടിട നിർമ്മാണ സാമഗ്രികൾ വാങ്ങിയത് സംബന്ധിച്ച ക്യാഷ് ബിൽ നാളിതുവരെയും

ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ക്യാഷ് ബിൽ ഹാജരാക്കാത്തത് സംബന്ധിച്ച് സർക്കാരിന്റെ ഉചിത നടപടികൾക്ക് 11.10.2012-ലെ എൽ.എഫ്.ഐ.3/1189/2012-ാം നമ്പർ കത്തുപ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ യുക്തമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ഖണ്ഡിക നമ്പർ 66

### ശിപാർശ

3.15.1 ആഡിറ്റ് പരാമർശങ്ങളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിലേയ്ക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന സമിതിയുടെ ശിപാർശ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഇതുവരെ കമ്മിറ്റിയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ കമ്മിറ്റിയ്ക്ക് ലഭ്യമാക്കണമെന്നും വിജിലൻസ് കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും കമ്മിറ്റി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.15.2 മരാമത്ത് പണികളുമായി ബന്ധപ്പെട്ട ഫയലുകൾ വിജിലൻസിൽ നിന്നും നാളിതുവരെ തിരികെ ലഭിച്ചിട്ടില്ലെന്ന് 07.08.2012 ലെ 3212/12-ാം നമ്പർ കത്തു പ്രകാരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കേസിന്റെ ഫയൽ നമ്പർ വി.ഇ.16/2000 ആണെന്നുള്ള വിവരവും ബോധിപ്പിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 4.08.2007 ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 2121/2007/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും ജില്ലാ പ്ലാനിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ ഓരോ ത്രൈമാസങ്ങളിലും ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് യോഗം ചേരുന്നുമുണ്ടെന്നുള്ള വിവരം ബോധിപ്പിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.15.3 പ്രത്യേക പരാമർശമില്ല.

## ഖണ്ഡിക നമ്പർ 69

### ശിപാർശ

3.16.1 ട്രഷറിയിൽ നിന്ന് ഒബ്ജക്ട് ചെയ്ത ബിൽ ക്ലിയർ ചെയ്യാനുണ്ടായ താമസം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തു നിന്നുണ്ടായ നിരുത്തരവാദപരമായ വീഴ്ചയാണെന്ന് കമ്മിറ്റി കരുതുന്നു. ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ

പഞ്ചായത്ത് വകുപ്പ് മേലിൽ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ലാപ്സായ തുക തിരിച്ചുകിട്ടിയതായി വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ച സാഹചര്യത്തിൽ ഈ വിഷയത്തിന്മേലുള്ള നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പ്രാദേശിക പരിശോധനാ റിപ്പോർട്ട്**

3.16.2 ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 71

### ശിപാർശ

3.17 ലോക്കൽ ഫണ്ട് ഡയറക്ടർ തടസ്സം ഒഴിവാക്കിയത് കമ്മിറ്റി അംഗീകരിക്കുന്നു.

## ഖണ്ഡിക നമ്പർ 75

### ശിപാർശ

3.18.1 ഇനിയും തിരിച്ചുപിടിക്കാനുള്ള തുക അടിയന്തരമായി തിരിച്ച് പിടിച്ച് റിപ്പോർട്ട് നൽകണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.18.2 തിരിച്ചടയ്ക്കാൻ അവശേഷിച്ച 11247/- രൂപയും പഞ്ചായത്ത് ഫണ്ടിൽ അടവു വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര് | തുക | രസീത് നമ്പർ |
|---|---|---|
| 1. കെ. സോമൻ, സെക്രട്ടറി | 1789 | 3309/97<br>തീയതി : 16.10.2006 |
| 2. എസ്. ശശിധരൻ | 697 | 3315/93<br>തീയതി : 05.03.2007 |
| 3. ഇ. എം. ശ്യാമളാദേവി | 1229 | 3328/52<br>തീയതി : 16.06.2007 |
| 4. കെ. ബാലചന്ദ്രൻ | 180 | 3326/74<br>തീയതി : 30.04.2007 |
| 5. എ. ആർ. ബെന്നി | 307 | 3323/99<br>തീയതി : 30.05.2007 |
| 6. വി. എം. ഖാലിദ് | 1547 | 3327/20<br>തീയതി : 14.05.2007 |

| | | |
|---|---|---|
| 7. കെ. എച്ച്. അസ്സീസ് | 465 | 7956/68<br>തീയതി : 03.12.2002 |
| 8. ഇ. യു. രാജീവ് | 1389 | 5377/93<br>തീയതി : 05.10.2004 |
| 9. കെ. കെ. ശശി | 1610 | 52373/19<br>തീയതി : 13.12.2005 |
| 10. കെ. നടരാജപിള്ള | 245 | 60520/97<br>തീയതി : 21.11.2003 |
| 11. കെ. ജെ. സിസിലിയാമ്മ | 1260 | 52373/20<br>തീയതി : 13.12.2005 |
| 12. എം. എം. റുഖിയ | 529 | 3328/35<br>തീയതി : 11.06.2007 |
| **ആകെ** | **11247** | |

**<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>**

3.18.3 ക്രമ നമ്പർ 1 മുതൽ 7 വരെയും 9, 11, 12 എന്നിവയിൽ പരാമർശിച്ചിരിക്കുന്ന തിരിച്ചടവ് വിവരം പരിശോധിച്ച് ബോധ്യപ്പെട്ടു.

ക്രമ നമ്പർ 8-ലെ ശ്രീ. ഇ. യു. രാജീവ് 05.10.2004-ലെ 5377/93 രസീത് നമ്പർ പ്രകാരം 1380/- രൂപ മാത്രമാണ് തിരിച്ചടച്ചത്.

ക്രമ നമ്പർ 10-ലെ ശ്രീ. കെ. നടരാജപിള്ള തിരിച്ചടച്ചു എന്ന് സൂചിപ്പിക്കുന്ന 60520 എന്ന രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**<u>ഖണ്ഡിക നമ്പർ 77</u>**

**<u>ശിപാർശ</u>**

3.19.1 ഈ വിഷയത്തിന്മേൽ തുടർ നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പ്രാദേശിക പരിശോധനാ റിപ്പോർട്ട്</u>**

3.19.2. നഷ്ടത്തിനുത്തരവാദിയായ സെക്രട്ടറി ശ്രീ. കെ. സുഗുണന്റെ ബാദ്ധ്യതയിൽപ്പെടുത്തി ഗ്രാറ്റുവിറ്റിയിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിച്ചതായി പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിരുന്നു. കൂടാതെ കരാറുകാരൻ തുക

തിരികെ ഒടുക്കിയിട്ടുള്ളതായും അറിയിച്ചു. സമിതി നിർദ്ദേശാനുസരണം തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 80

## ശിപാർശ

3.20.1 ഓഡിറ്റ് പരാമർശത്തിന് യഥാസമയം മറുപടി നൽകാതിരുന്നതുമൂലമാണ് ഇങ്ങനെയൊരു പരാമർശമുണ്ടായതെന്ന് കമ്മിറ്റി കരുതുന്നു. ഭാവിയിൽ ഓഡിറ്റ് സമയത്ത് തന്നെ വിശദീകരണം നൽകുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.20.2 സമിതിയുടെ നിർദ്ദേശം പാലിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ 11.10.2013-ലെ എം1-17463/07(1) നമ്പർ കത്ത് പ്രകാരം വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.20.3 പ്രത്യേക പരാമർശമില്ല.

## ഖണ്ഡിക നമ്പർ 83

## ശിപാർശ

3.21.1 ഈ വിഷയം സംബന്ധിച്ച ഫയലുകൾ ഇതുവരെ സമിതിയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതിൽ നിന്നു തന്നെ ഇക്കാര്യത്തിൽ ക്രമക്കേട് നടന്നിട്ടുണ്ടോ എന്നു സംശയിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.21.2 ഈ വിഷയം സംബന്ധിച്ച് വിജിലൻസ് അന്വേഷണം പൂർത്തിയാക്കി ഗവൺമെന്റിലേക്ക് റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തിനുത്തരവാദിയായ കൃഷി ഓഫീസർ, സെക്രട്ടറി എന്നിവരിൽ നിന്നും തുക ഈടാക്കുവാനും പർച്ചേയ്സ് ഫയൽ നഷ്ടപ്പെടുത്തുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്ന്

വിജിലൻസ് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, ഇടുക്കിയുടെ 22.08.2011-ലെ VE: 07/2009/IDK നമ്പർ കത്ത് പ്രകാരം വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.21.3 പ്രത്യേക പരാമർശമില്ല.

## ഖണ്ഡിക നമ്പർ 94

## ശിപാർശ

3.22.1 പഞ്ചായത്ത് നൽകിയ തുക ഒരു മാസത്തിനുള്ളിൽ തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കാമെന്ന് വാത്തിക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പ് യോഗത്തിൽ സമിതിക്ക് ഉറപ്പ് നൽകിയിരുന്നെങ്കിലും റവന്യൂ റിക്കവറി നടപടി സ്വീകരിക്കുമെന്നറിയിച്ചതല്ലാതെ ഇതുവരെ പണം തിരിച്ച് പിടിച്ചതു സംബന്ധിച്ച വിശദ വിവരം സമിതിക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ഉദ്ദേശ്യം നല്ലതായിരുന്നെങ്കിലും ദീർഘവീക്ഷണമില്ലാതെ നടപ്പാക്കിയതിനാൽ പദ്ധതി പരാജയപ്പെട്ടുവെന്ന മാത്രമല്ല വ്യവസ്ഥകളിൽ നിന്ന് വ്യതിചലിച്ച് തുക ഒരുമിച്ച് നൽകുന്നതിൽ പഞ്ചായത്ത് സെക്രട്ടറി അനാവശ്യമായ തിടുക്കവും താല്പര്യവും കാണിച്ചതായി സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ തുക ലഭ്യമാക്കാൻ വേണ്ടി മാത്രം രജിസ്റ്റർ ചെയ്ത സൊസൈറ്റിയാണോ ഇതെന്നും സമിതി സംശയിക്കുന്നു. പഞ്ചായത്തിന്റെ പണം നഷ്ടപ്പെടാൻ കാരണക്കാരനായ സെക്രട്ടറിക്കെതിരെ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുകയും പണം തിരിച്ചുപിടിക്കുകയും ചെയ്ത് ഒരു മാസത്തിനകം വിവരം അറിയിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.22.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. വി. എൻ. സുബാഷിൽ നിന്നും റവന്യൂ റിക്കവറി നടപടിയിലൂടെ ഉടുമ്പൻചോല തഹസീൽദാർ (ആർ.ആർ) 13.08.2010-ലെ 059642 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരം 49,999/- രൂപയും, 059643 നമ്പർ ഡി.ഡി. പ്രകാരം 13,001/- രൂപയും പഞ്ചായത്തിന്

കൈമാറുകയും ആയത് 21.08.2010-ലെ 5971/11 നമ്പർ രസീത് പ്രകാരം വാത്തിക്കുടി ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടുള്ളതുമാണ്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.22.3 ശ്രീ. വി. ആർ. സുബാഷിൽ നിന്നും ആർ.ആർ. നടപടിയിലൂടെ ഈടാക്കിയ 63,000/- രൂപ ഉടുമ്പൻചോല റവന്യൂ റിക്കവറി വിഭാഗം തഹസീൽദാർ 21.08.2010-ലെ 11/5971-ാം നമ്പർ രസീത് പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ള വിവരം പരിശോധിച്ച് ബോധ്യപ്പെട്ടു.

## ഖണ്ഡിക നമ്പർ 100

## ശിപാർശ

3.23.1 അധികമായി ചെലവഴിച്ച തുകയ്ക്ക് സാധൂകരണം വാങ്ങുന്നതിൽ ഉത്തരവാദിയായ സെക്രട്ടറിയോ അതിനുശേഷം വന്ന സെക്രട്ടറിയോ യഥാസമയം നടപടി സ്വീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പിന്നോക്ക പ്രദേശങ്ങളിലെ തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പത്രം വിതരണം ചെയ്യുന്നത് നല്ലകാര്യമാണെങ്കിലും ഇതു സംബന്ധിച്ച് ശരിയായ രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലെന്നത് സംശയമുളവാക്കുന്നു. ഉപയോഗിച്ച പത്രങ്ങൾ ലേലം ചെയ്ത തുക ക്ലബ്ബുകളുടെ അക്കൗണ്ടിലേക്കോ, പഞ്ചായത്ത് ഫണ്ടിലേക്കോ വരവു ചെയ്തിട്ടുമില്ല. അധികമായി ചെലവാക്കിയ തുകയ്ക്ക് സർക്കാരിന്റെ സാധൂകരണം നേടുന്നതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് കമ്മിറ്റിയെ അറിയിക്കണമെന്ന് ശിപാർശ ചെയ്യുന്നു. കൂടാതെ, പത്രമാസികകൾ നൽകുന്നത് സംബന്ധിച്ച് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കണമെന്നും പഴയ പത്രക്കടലാസ്സുകൾ വിൽക്കുന്നതിന്റെയും കണക്ക് കൃത്യമായി സൂക്ഷിക്കണമെന്നും കമ്മിറ്റി ശിപാർശ ചെയ്യുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പ്രാദേശിക പരിശോധനാ റിപ്പോർട്ട്

3.23.2 അധികമായി ചെലവാക്കിയ തുകകൾക്ക് സർക്കാരിന്റെ സാധൂകരണം ലഭ്യമാക്കുവാൻ അഭിപ്രായപ്പെട്ടിരുന്നെങ്കിലും നാളിതുവരെ സർക്കാർ സാധൂകരണം അനുവദിച്ച് വാങ്ങിയിട്ടില്ല.

## 07.05.2008 തീയതിയിലെ സമിതി യോഗം ആരാഞ്ഞ അധികവിവരം

3.23.3 പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

## അധികവിവരത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടി

3.23.4 വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ ക്ലബ്ബുകൾക്ക് വർത്തമാന പത്രം നൽകിയ വകയിൽ അധികം ചെലവഴിച്ച 1,09,126/- രൂപയ്ക്ക് 03.04.2009-ലെ സ.ഉ. (സാധാ) നമ്പർ 862/09/തസ്വഭവ ഉത്തരവ് പ്രകാരം സാധൂകരണം നൽകി പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കി ഉത്തരവായിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. നിലവിൽ പഞ്ചായത്തിലെ ക്ലബ്ബുകൾക്ക് പത്രം വിതരണം ചെയ്തതിന്റെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെന്നുള്ള വിവരം 23.03.2013-ലെ എ-6224/13 നമ്പർ കത്ത് പ്രകാരം വണ്ടിപ്പെരിയാർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.23.5 പ്രത്യേക പരാമർശമില്ല.

## ഖണ്ഡിക നമ്പർ 110

## ശിപാർശ

3.24.1 ഓഡിറ്റ് ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രമക്കേടുകൾക്ക് മറുപടി നൽകുന്നതിൽ തികച്ചും നിഷേധാത്മകമായ നിലപാടാണ് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചിട്ടുള്ളതെന്ന് സമിതി വിലയിരുത്തുന്നു. ഇത്രയും നിരുത്തരവാദപരമായ സമീപനം കൈക്കൊണ്ട പഞ്ചായത്ത് സെക്രട്ടറിക്കെതിരെ അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും, അത് സംബന്ധിച്ച വിശദവിവരങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.24.2 വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് തടസ്സത്തിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. വി. റ്റി. കുര്യൻ, ശ്രീമതി അമ്മിണി, മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വസന്താ ലക്ഷ്മണൻ, മുൻ വൈസ് പ്രസിഡന്റ് ശ്രീ. എം. കറുപ്പ് സ്വാമി,

മെമ്പർമാരായ ശ്രീ. എം. പാൽരാജ്, ശ്രീ. ബാലു എന്നിവരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി പ്രൊപ്പോസൽ 02.01.2008-ൽ എ-929/07-ാം നമ്പരായി ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ശ്രീ. കറുപ്പസ്വാമിയും ശ്രീ. എം. ബാലുവും നടപടി ഘട്ടത്തിൽ മരണപ്പെട്ടുപോയിട്ടുള്ളതും ശ്രീ. എം. പാൽരാജിനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറോട് ശിപാർശ ചെയ്തിരുന്ന കാലഘട്ടത്തിൽ ടിയാനും മരണപ്പെട്ടുപോയിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കാലയളവിലെ പ്രസിഡന്റായിരുന്ന ശ്രീമതി വസന്താ ലക്ഷ്മണൻ കൺവീനർ പി.എച്ച്. ഹമീദ് കുട്ടി എന്നിവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ച് 05.06.2009-ൽ ഇടുക്കി ജില്ലാ കളക്ടർക്ക് വീണ്ടും കത്ത് നൽകിയതായി വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.

അന്നത്തെ സെക്രട്ടറിമാരായിരുന്ന ശ്രീ. വി. റ്റി. കുര്യൻ, ശ്രീമതി കെ. ആർ. അമ്മിണി എന്നിവർ സംയുക്തമായി ജില്ലാ കോടതിയിൽ ഒ. പി. നമ്പർ എൽ.എഫ്.57/06, ഒ. പി. നമ്പർ 58/06 എന്നീ നമ്പരുകളായി കേസുകൾ ഫയൽ ചെയ്തിട്ടുള്ളതായും ആയതിന് ടിയാളുകൾക്ക് അനുകൂലമായി സ്റ്റേ ഉത്തരവ് നൽകപ്പെട്ടിട്ടുള്ളതുമാണ്. ഇതോടൊപ്പം ശ്രീ. വി. റ്റി. കുര്യൻ ബഹു. കേരള ഹൈക്കോടതിയിൽ WP(C) 5603/09 (0) നമ്പരായി ഹർജി ഫയൽ ചെയ്തിട്ടുള്ളതുമാണ്. ശ്രീ. വി. റ്റി. കുര്യൻ, ശ്രീമതി കെ. ആർ. അമ്മിണി എന്നിവർ ഹൈക്കോടതിയിൽ നൽകിയ കേസിലും ശ്രീമതി വസന്താ ലക്ഷ്മണൻ ഇടുക്കി ജില്ലാ കോടതിയിൽ ഫയൽ ചെയ്ത കേസിലും പഞ്ചായത്ത് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്റ്റ്സ് നൽകിയിട്ടുണ്ടെന്നും നിലവിൽ കേസുകൾ തുടരുകയാണെന്നും വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്,

**<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>**

3.24.3 ശ്രീ. വി. റ്റി. കുര്യൻ ഫയൽ ചെയ്ത WP(c) 5603/09 നമ്പർ കേസും ശ്രീമതി കെ. ആർ. അമ്മിണി ഫയൽ ചെയ്ത WP(c) 7662/09 കേസും ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത കേസുകൾ 06.03.2009-ലെ ലിസ്റ്റിലുണ്ടായിരുന്നു. തുടർ തീയതി ലഭ്യമല്ല.

ശ്രീമതി വസന്താ ലക്ഷ്മണൻ ബഹു. ഇടുക്കി ജില്ലാ കോടതി മുമ്പാകെ ഫയൽ OP(LF) 22/2010 കേസ് 25.10.2011-ൽ ടിയാരിക്ക് അനുകൂലമായി വിധിച്ചിട്ടുള്ളതാണ്. പ്രസ്തുത വിധിക്കെതിരെ 19.07.2012-ൽ ഇടുക്കി ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും ബഹു. ഹൈക്കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ട്. അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ നിന്നും അപ്പീൽ നമ്പർ അറിവായിട്ടില്ല.

## ഖണ്ഡിക നമ്പർ 114

## ശിപാർശ

3.25.1 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റ് സർചാർജ്ജ് നടപടിയെടുത്തു കഴിഞ്ഞ ഈ കേസിന്റെ പരിശോധനയ്ക്കായി പഞ്ചായത്ത് ഡയറക്ടറെ തന്നെ സമിതി ചുമതലപ്പെടുത്തിയിട്ടും ഇതു സംബന്ധിച്ച യാതൊരു അന്വേഷണ റിപ്പോർട്ടും ഇതുവരെ സമിതിയ്ക്ക് ലഭിച്ചിട്ടില്ലെന്നതിൽ സമിതി കടുത്ത അസംതൃപ്തി രേഖപ്പെടുത്തുകയും ഇതു സംബന്ധിച്ച റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. ഗവൺമെന്റ് തലത്തിൽ ഇക്കാര്യം അന്വേഷിക്കണമെന്നും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.25.2 വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് 1997-98 ൽ നടപ്പിലാക്കിയ അരണക്കൽ ക്ഷേത്രം ശബരിമല റോഡ് ടാറിംഗ് എന്ന പദ്ധതി ബഹു. കേരള നിയമസഭാ ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നേരിട്ട് പരിശോധന നടത്തി ടി പദ്ധതി പൂർത്തീകരിച്ചതായി ബോധ്യപ്പെട്ടിട്ടുള്ളതിനാലും പ്രസ്തുത പ്രവൃത്തിമൂലം ബഹു. കേരള സർക്കാരിനും വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിനും സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് വേണ്ടി വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 20.05.2009-ലെ 4(3) നമ്പർ തീരുമാനപ്രകാരം സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.25.3 പ്രത്യേക പരാമർശമില്ല.

## ഖണ്ഡിക നമ്പർ 118

## ശിപാർശ

3.26.1 ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കണമെന്ന സമിതി നിർദ്ദേശം നടപ്പാക്കുന്നതിൽ പഞ്ചായത്ത് വകുപ്പ് കടുത്ത അലംഭാവമാണ് കാണിച്ചിരിക്കുന്നത്. ഇതിൽ സമിതി അസംതൃപ്തി അറിയിക്കുകയും ഇതു സംബന്ധിച്ച റിപ്പോർട്ട് 15 ദിവസത്തിനകം സമിതിയ്ക്ക് സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. കൂടാതെ കുറ്റക്കാരനായ പഞ്ചായത്ത് സെക്രട്ടറിക്ക് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകുകയും, ഡി.സി.ആർ.ജി. റിലീസ് ചെയ്യാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ അപഹരണം നടത്തിയ തുക പലിശ സഹിതം അദ്ദേഹത്തിൽ നിന്നും ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.26.2 ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സി. കറുപ്പു സ്വാമിയുടെ ബാദ്ധ്യത തുക 62,808/- രൂപയും ആയതിന്റെ പലിശയും ഉൾപ്പെടെ 1,36,317/- രൂപ ടിയാനിൽ നിന്നും ഈടാക്കുന്നതിനായി റവന്യൂ റിക്കവറി പ്രൊപ്പോസൽ 14.06.2007-ലെ എ 11/2006 നമ്പർ കത്ത് പ്രകാരം ഇടുക്കി ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബഹു. ജില്ലാ കളക്ടർ ദേവികുളം തഹസിൽദാരെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും ആർ. ആർ. നടപടി സ്വീകരിക്കുന്നതിനായി ദേവികുളം തഹസിൽദാർ നടപടി സ്വീകരിച്ചപ്പോൾ ടിയാന് ടി താലൂക്കിൽ സ്ഥാവരജംഗമ വസ്തുക്കൾ ഇല്ലായെന്നും ടിയാൻ തളർവാതം ബാധിച്ച് കിടപ്പിലാണെന്നും ആയതുകൊണ്ട് സെക്ഷൻ 65 പ്രകാരം നടപടിയെടുക്കുവാൻ സാധിക്കുകയില്ലായെന്നും കാണിച്ച് ജില്ലാ കളക്ടർക്ക് നൽകിയ കത്തിന്റെ പകർപ്പ് പഞ്ചായത്തിൽ നൽകിയിട്ടുണ്ട്. ആയതുകൊണ്ട് 1998-ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങൾ പ്രകാരം എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഒരു കിട്ടാക്കട സർട്ടിഫിക്കറ്റ് പഞ്ചായത്തിന് ലഭ്യമാക്കണമെന്ന് കാണിച്ച് ബഹു. ജില്ലാ കളക്ടർക്ക് കത്തയച്ചിട്ടുണ്ടെന്നും ആയത് കിട്ടുന്ന മുറയ്ക്ക് മേൽ തുക എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

15.06.2005-ലെ നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ആദ്യ സിറ്റിംഗിൽ ഹാജരായിരുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ആർ. വിജയകുമാർ 31.01.2006-ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ് എന്ന വിവരം ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.26.3 പ്രത്യേക പരാമർശമില്ല.

## ഖണ്ഡിക നമ്പർ 121

### ശിപാർശ

3.27.1 സമിതിയുടെ നിർദ്ദേശം നാളിതുവരെ നടപ്പിലാക്കിയിട്ടില്ല എന്നത് സമിതിയോടുള്ള അവഹേളനമായി സമിതി കരുതുന്നു. ഇതിനുത്തരവാദിയായ ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുകയും പഞ്ചായത്തിനുണ്ടായ നഷ്ടം അദ്ദേഹത്തിൽ നിന്ന് ഈടാക്കി സമിതിയ്ക്ക് റിപ്പോർട്ട് നൽകുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.27.2 ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി. എസ്. രാജപ്പനിൽ നിന്നും ബാദ്ധ്യത തുക (33,232/- രൂപ) ഈടാക്കുന്നതിനുള്ള പ്രൊപ്പോസൽ ഇടുക്കി ജില്ലാ കളക്ടർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.06.2007-ലെ എ-11/2006 നമ്പർ കത്ത് പ്രകാരം നൽകിയിരുന്നു. എന്നാൽ ദേവികുളം തഹസീൽദാരുടെ 18.10.2011-ലെ കെ2-3020/2007 നമ്പർ മറുപടിയിൽ, ശ്രീ. പി. എസ്. രാജപ്പന് ടി താലൂക്കിൽ സ്ഥാവരജംഗമ വസ്തുക്കൾ ഇല്ലായെന്നും എന്നാൽ കുഞ്ചിത്തണ്ണി വില്ലേജിൽ ടിയാന് ഡിമാന്റ് നോട്ടീസ് ലഭിക്കുന്നതിന് മുൻപുണ്ടായിരുന്ന വസ്തു കൈമാറ്റം ചെയ്തുപോയി എന്നതിനാൽ ആർ.ആർ. ആക്ട് സെക്ഷൻ 44(2) പ്രകാരം നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

15.06.2005-ലെ നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ആദ്യ സിറ്റിംഗിൽ ഹാജരായിരുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ആർ. വിജയകുമാർ 31.01.2006-ന് സർവ്വീസിൽ നിന്ന് വിരമിച്ചിട്ടുള്ളതാണെന്ന വിവരം ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.27.3 പ്രത്യേക പരാമർശമില്ല.

**ഖണ്ഡിക നമ്പർ 138**

**ശിപാർശ**

3.28.1 നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം തൃപ്തികരമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പ്രാദേശിക പരിശോധനാ റിപ്പോർട്ട്**

3.28.2 മരിയാപുരം ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം തൃപ്തികരമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നു.

**ഖണ്ഡിക നമ്പർ 141**

**ശിപാർശ**

3.29.1 ഇക്കാര്യത്തിൽ സമിതിയ്ക്ക് റിപ്പോർട്ട് നൽകുവാനും പഞ്ചായത്തിന് നഷ്ടപ്പെട്ട തുക ഈടാക്കുവാനും നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.29.2 ആസൂത്രിതമല്ലാതെ ടി.വി. വാങ്ങിയതുമൂലം ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിരാകരിച്ച തുകയായ 68,000/- രൂപ ആയതിന്റെ പലിശ ഉൾപ്പെടെ 1,91,445/- രൂപ ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. സി. വി. മണിയാചാരിയിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ ഈടാക്കി താഴെപ്പറയുന്ന ഡി. ഡി.കൾ മുഖേന പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

1. ഡി.ഡി. നം. 908417 തീയതി : 19.10.2011 49,000/-
2. ഡി.ഡി. നം. 908418 തീയതി : 19.10.2011 49,000/-
3. ഡി.ഡി. നം. 908419 തീയതി : 19.10.2011 48,553/-
4. ഡി.ഡി. നം. 908420 തീയതി : 19.10.2011 49,000/-
5. ഡി.ഡി. നം. 908421 തീയതി : 19.10.2011 49,000/-
6. ഡി.ഡി. നം. 908422 തീയതി : 19.10.2011 49,000/-
7. ഡി.ഡി. നം. 908423 തീയതി : 19.10.2011 43,966/-

(1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിരാകരിച്ചിട്ടുള്ള തുക ഉൾപ്പെടെയാണ്.)

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

3.29.3 റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കി തൊടുപുഴ തഹസീൽദാർ ഗ്രാമപഞ്ചായത്തിന് നൽകിയ ഡി.ഡി.കൾ (7 എണ്ണം) 29.10.2011-ൽ ഗ്രാമപഞ്ചായത്ത് ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള വിവരം പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## അദ്ധ്യായം IV

## സമിതി റിപ്പോർട്ടിലെ ശിപാർശയിന്മേൽ നാളിതുവരെ സർക്കാർ മറുപടി ലഭിക്കാത്ത ശിപാർശകൾ

### ഖണ്ഡിക നമ്പർ 42

### ശിപാർശ

4.1 ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ ലംഘിച്ചും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ ഒഴിവാക്കിയും 311 തയ്യൽ മെഷീനുകൾ വാങ്ങിയതിലൂടെ മൂന്നാർ ഗ്രാമപഞ്ചായത്തിനുണ്ടായ 50,151 രൂപയുടെ നഷ്ടം നടപടിക്രമങ്ങൾ പാലിക്കാതെ മെഷീനുകൾ വാങ്ങുന്നതിന് തീരുമാനമെടുത്ത ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### ഖണ്ഡിക നമ്പർ 111

### ശിപാർശ

4.2 സമിതിയുടെ നിർദ്ദേശം പാലിക്കുന്നതിൽ പഞ്ചായത്ത് വകുപ്പ് കുറ്റകരമായ അനാസ്ഥയാണ് കാട്ടിയിരിക്കുന്നത്. ഇതിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തുകയും ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

**കെ. സുരേഷ് കുറുപ്പ്,**
**അദ്ധ്യക്ഷൻ,**
**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**

**തിരുവനന്തപുരം,**
**2021 ജനുവരി .21...**

## അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ് | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1. | 2.1.6 | തദ്ദേശസ്വയംഭരണം | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള റവന്യൂറിക്കവറി നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുന്നതിനും, നാളിതുവരെ തുക ഈടാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണവും തുക ഈടാക്കാൻ സ്വീകരിച്ച നടപടിയും ഉൾക്കൊള്ളുന്ന റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| 2 | 2.2.7 | തദ്ദേശസ്വയംഭരണം | പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള കേസുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 3 | 2.3.6 | തദ്ദേശസ്വയംഭരണം | പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 4 | 2.4.4 | തദ്ദേശസ്വയംഭരണം | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ, വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ മെഡിക്കൽ ഓഫീസറിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 5 | 2.5.5 | തദ്ദേശസ്വയംഭരണം | പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസിന്റെ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 2.6.4 | തദ്ദേശസ്വയംഭരണം | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള ബാക്കി തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7. | 2.7.4 | തദ്ദേശസ്വയംഭരണം | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സെക്രട്ടറി, ശ്രീ. പി. എസ്. രാജപ്പനിൽ നിന്ന് റവന്യൂ റിക്കവറി നടപടിയിലൂടെ തുക ഈടാക്കിയോ എന്ന വിവരം അറിയിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 8. | 4.1 | തദ്ദേശസ്വയംഭരണം | ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ ലംഘിച്ചും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ ഒഴിവാക്കിയും 311 തയ്യൽ മെഷീനുകൾ വാങ്ങിയതിലൂടെ മൂന്നാർ ഗ്രാമപഞ്ചായത്തിനുണ്ടായ 50,151 രൂപയുടെ നഷ്ടം നടപടിക്രമങ്ങൾ പാലിക്കാതെ മെഷീനുകൾ വാങ്ങുന്നതിന് തീരുമാനമെടുത്ത ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 9 | 4.2 | തദ്ദേശസ്വയംഭരണം | സമിതിയുടെ നിർദ്ദേശം പാലിക്കുന്നതിൽ പഞ്ചായത്ത് വകുപ്പ് കുറ്റകരമായ അനാസ്ഥയാണ് കാട്ടിയിരിക്കുന്നത്. ഇതിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തുകയും ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. |